# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3411** | **18-02-2013 ൽ മറുപടിയ്ക്ക്**

## നെല്ല് സംഭരണം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽ കാർഷിക മേഖലയ്ക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ? | സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി, സുസ്ഥിര നെൽകൃഷി വികസന പദ്ധതി, മാക്രോ മാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി, നെല്ല് സംഭരണം, ചെറുകിട യന്ത്ര വിതരണ പദ്ധതി, നെൽകൃഷിക്കുള്ള ഉല്പാദന ബോണസ്, കാർഷിക സൗജന്യ വൈദ്യുതി പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സമഗ്ര നെൽകൃഷി ഇൻഷ്വറൻസ് പദ്ധതി, കിസാൻ അഭിമാൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br>സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം കര നെൽകൃഷി, വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി, പൊതു ഞാറ്റടി, വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെല്ലിനു വികസന പദ്ധതി, കാർഷിക യന്ത്രവൽക്കരണം എന്നിവയും സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശു നില കൃഷി, നെൽകൃഷിക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡമോൺസ്ട്രേഷൻ, പുതിയ സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിനുള്ള ഡമോൺസ്ട്രേഷൻ, ഉല്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യസംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണവും നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷിയ്ക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ